# കേരളസർവകലാശാല

നം.പി.ആർ.81/2021

## പത്രക്കുറിപ്പ്

## പ്രോജക്ട് സമർപ്പണം – തീയതി നീട്ടി

കേരളസർവകലാശാല നടത്തുന്ന നാലാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം./എം.എസ്.ഡബ്ല്യൂ./എം.എം.സി.ജെ. മാർച്ച് 2021 പരീക്ഷകളുടെ പ്രോജക്ട് സമർപ്പിക്കേണ്ട അവസാന തീയതി ഏപ്രിൽ 26 ൽ നിന്നും മെയ് 10 ലേക്ക് മാറ്റിയിരിക്കുന്നു.

## ടൈംടേബിൾ

കേരളസർവകലാശാല ഏപ്രിൽ 27 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എഡ്. (2018 സ്കീം – റെഗുലർ ആന്റ് സപ്ലിമെന്ററി, 2015 സ്കീം – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല ഏപ്രിൽ 19 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ, ഏപ്രിൽ 20 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.സി.എ. (റെഗുലർ ആന്റ് സപ്ലിമെന്ററി – 2015 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല ഏപ്രിൽ 20 ന് ആരംഭിക്കുന്ന അവസാനവർഷ ബി.ബി.എ. (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) റെഗുലർ ആന്റ് സപ്ലിമെന്ററി പരീക്ഷകൾക്ക് തിരുവനന്തപുരം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ തിരുവനന്തപുരം എം.ജി.കോളേജിലും കൊല്ലം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്.എൻ.കോളേജലും ആലപ്പുഴ ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ആലപ്പുഴ എസ്.ഡി.കോളേജിലും പരീക്ഷ എഴുതേണ്ടതാണ്. ഹാൾടിക്കറ്റുകൾ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും കൈപ്പറ്റേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല ഡിസ്റ്റൻസ് എഡ്യൂക്കേഷൻ മെയ് 10, 21 തീയതികളിൽ ആരംഭിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം. റെഗുലർ (2019 അഡ്മിഷൻ), ഇംപ്രൂവ്മെന്റ് (2018 അഡ്മിഷൻ), സപ്ലിമെന്ററി (2018, 2017 അഡ്മിഷൻ) പരീക്ഷകൾക്ക് ഓൺലൈനായി ഏപ്രിൽ 13 മുതൽ അപേക്ഷിക്കാം. പിഴ കൂടാതെ ഏപ്രിൽ 21 വരെയും 150 രൂപ പിഴയോടെ ഏപ്രിൽ 24 വരെയും 400 രൂപ പിഴയോടെ ഏപ്രിൽ 27 വരെയും അപേക്ഷിക്കാം.

# അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല ഇംഗ്ലീഷ് പഠനവകുപ്പ് നടത്തുന്ന "അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ" എന്ന പാർട്ട് ടൈം സായാഹ്ന കോഴ്സ് 2021 ജൂൺ 15 ന് ആരംഭിക്കുന്നതാണ്. പ്രസ്തുത കോഴ്സിലേക്ക് അപേക്ഷിക്കാനുള്ള അടിസ്ഥാന യോഗ്യത: അംഗീകൃത സർവകലാശാലയിൽ നിന്ന് ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം. കേരള സർവകലാശാല ക്യാഷ് കൗണ്ടറിൽ മുപ്പത് രൂപ ഒടുക്കിയ ചെലാൻ ഇംഗ്ലീഷ് പഠനവകുപ്പിൽ സമർപ്പിച്ച് ഏപ്രിൽ 15 മുതൽ അപേക്ഷാഫോം കൈപ്പറ്റാവുന്നതാണ്. മെയ് 21 ന് രാവിലെ 10 മണിക്ക് ഇംഗ്ലീഷ് പഠനവകുപ്പിൽ നടത്തുന്ന എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത കോഴ്സിലേക്കുള്ള പ്രവേശനം നടത്തുന്നത്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി എപ്രിൽ 30.



പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
12.04.2021


For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**